**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4893** **01-11-2021 - ൽ മറുപടിയ്ക്ക്**

**എയിഡഡ് മേഖലയിൽ പ്ലസ് വൺ അധിക ബാച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പത്താംക്ലാസ് പാസ്സായ മുഴുവൻപേർക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്താൻ സർക്കാർ എയിഡഡ് മേഖലയിൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | പത്താംക്ലാസ് പാസ്സായ മുഴുവൻപേർക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്താൻ സർക്കാർ/ എയിഡഡ്/ അൺ-എയ്ഡഡ് മേഖലകളിൽ താഴെപറയും പ്രകാരം നടപടികൾസ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. (i) 2021-22 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിൽ എല്ലാ സർക്കാർ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും എല്ലാ വിഷയങ്ങൾക്കും സർക്കാരിന് അധിക സാമ്പത്തിക ഉണ്ടാകാത്ത വിധത്തിൽ പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് സ.ഉ(എം.എസ്)നം.191/2021/പൊ.വി.വ തീയതി 02.09.2021 പ്രകാരം വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്. (ii) കൂടാതെ 28.10.2021-ലെ ജി.ഒ.(എം.എസ്) 241/2021/പൊ.വി.വ പ്രകാരം നിലവിൽ 20% സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) സീറ്റിന്റെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ സർക്കാർ ഹയർസെക്കന്ററി സ്ക്കൂളുകളിൽ 10% സീറ്റ് വർദ്ധനവും കൂടി നല്കുവാനും അനുമതി നല്കിയിട്ടുണ്ട്. (iii) നിലവിൽ 20% സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്ക്കൂളുകൾക്ക് നിബന്ധന കൾക്ക് വിധേയമായും, മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റും, കൂടാതെ അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്കും 10% സീറ്റ് വർദ്ധനവു അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (iv) മുൻപ് മാർജിനൽ സീറ്റ് വർദ്ധനവ് നൽകാത്ത 7 |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം) ആവശ്യകത അനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും 20% വരെ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (v) മുൻപ് മാർജിനൽ സീറ്റ് വർദ്ധനവ് നൽകാത്ത 7 ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം), അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും മാർജിനൽ വർദ്ധനവിന്റെ (20% മാനേജ്മെന്റ് സീറ്റ്) കൂടാതെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവു അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (vi) പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ വയനാട് ജില്ലയിലെ അബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡെൻഷ്യൽ സ് കൂൾ, നല്ലൂർനാടിൽ ഒരു ഹ്യുമാനിറ്റീസ് ബാച്ചും, ഗവ: മോഡൽ റെസിഡെൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് കൽപ്പറ്റയിൽ ഒരു ഹ്യുമാനിറ്റീസ് ബാച്ചും താല്കാലികമായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (vii) സർക്കാർ സ്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികൾ ഉള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലയിലേക്ക് മാറ്റുന്നതിനും അനുമതി നൽകിയിട്ടുണ്ട്. (viiI) കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വിഷയം സീറ്റ് വർദ്ധനവിലൂടെ പരിഹരിക്കുന്നില്ലെങ്കിൽ മാത്രം, ആവശ്യകത അനുസരിച്ചു ആവശ്യമുള്ള ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കാനും അനുമതിനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ